**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 149** **12-10-2026-ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം സ്വീകരിച്ച നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2026 ലെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**മറുപടി:** 2026-27 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളും തിരുവിതാംകൂർ ദേവസ്വം ബോർഡും നടത്തിയ മുന്നൊരുക്ക പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും തുടർ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.07.2026, 14.08.2026 തീയതികളിലും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.09.2026 തീയതിയിലും ബന്ധപ്പെട്ട വകുപ്പു പ്രതിനിധികളുമായി യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 11.09.2026-ന് ചേർന്ന ഉന്നതതല യോഗത്തിൽ തീർത്ഥാടനവുമായി ബന്ധപ്പെട്ട എല്ലാ മുന്നൊരുക്ക പ്രവർത്തനങ്ങളും 31.10.2026 -നകം നിർബന്ധമായും പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ തുടർ അവലോകന യോഗത്തിന് മുന്നോടിയായി, ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിന്മേലുള്ള നടപടികളുടെ പുരോഗതി വിലയിരുത്തുകയും പ്രവർത്തനസജ്ജത ഉറപ്പാക്കുകയും ചെയ്യുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28.09.2026-ന് ഉന്നതതല യോഗം ചേർന്നിരുന്നു. ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ തുടർ അവലോകന യോഗം 14.10.2026 തീയതിയിലും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള തുടർ അവലോകന യോഗം 17.10.2026-ന് പമ്പയിൽ വച്ചും നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

കൂടാതെ 2026-27 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾക്കായി G.O.(Rt) No.4725/2026/GAD തീയതി 11-09-2026 സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.ദിലീപ് കെ. കൈനിക്കര ഐ.എ.എസ്-നെ ശബരിമല എ.ഡി.എം. ആയി സർക്കാർ നിയോഗിച്ചിട്ടുണ്ട്.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ കൺട്രോൾ റൂമുകൾ പ്രത്യേകം പ്രത്യേകമായി പ്രവർത്തിക്കുന്നത് മൂലം വിവരവിനിമയത്തിലും പ്രതികരണത്തിലും കാലതാമസം സൃഷ്ടിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതിനും ഇടവന്നിരുന്നു എന്നതിനാൽ 2026-27 വർഷത്തെ ശബരിമല തീർത്ഥാടന കാലയളവിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം (ICR) നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകി കൊണ്ടും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം (ICR) സ്ഥാപിക്കുമ്പോൾ ഫലപ്രദവും ഗുണപരവുമായ ഏകോപനം

നിർവ്വഹിക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം ഹെഡിന്റെ (Head ICR) ചുമതല ശബരിമല എ.ഡി.എം.-ന് നൽകി കൊണ്ടും G.O.(Rt) No.1965/2026/RD തീയതി 03.10.2026 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളുടെ നേതൃത്വത്തിലും മുന്നൊരുക്ക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

**(ബി)** ശബരിമല തീർത്ഥാടകർ പ്രധാനമായും ഉപയോഗിക്കുന്ന മണ്ണാറകുളഞ്ഞി-പമ്പ,എരുമേലി-പമ്പ തുടങ്ങിയ റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** മണ്ണാറക്കുളഞ്ഞി - പമ്പ റോഡിൽ ഇലവുങ്കൽ മുതൽ ചാലക്കയം വരെയുള്ള 17 കി.മീ. റോഡ് പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം, പത്തനംതിട്ടയുടെ പരിധിയിലാണുള്ളത്. ഈ ഭാഗം നിലവിൽ ഗതാഗതയോഗ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ അറ്റകുറ്റ പണികൾക്കായി 97 ലക്ഷം രൂപയുടെ RC പ്രവൃത്തിയുടെയും ഒരു കോടി രൂപയുടെ റോഡ് സേഫ്റ്റി പ്രവൃത്തിയുടെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ചാലക്കയം മുതൽ പമ്പ വരെയുള്ള ദേവസ്വം ബോർഡിന്റെ കീഴിലുള്ള 4.5 കി.മീ റോഡ് BM & BC ചെയ്ത് നവീകരിക്കുന്നതിലേക്കായി 15 കോടി രൂപ പൊതുമരാമത്തു വകുപ്പിന് അനുവദിക്കുകയും ആ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലുമാണ്. മണ്ണാറകുളഞ്ഞി - ഇലവുങ്കൽ, എരുമേലി - ഇലവുങ്കൽ എന്നീ റോഡുകൾ NH -183-ൽ ഉൾപ്പെട്ടതാണ്.

എരുമേലിയിൽ നിന്നും പമ്പയിലേക്കുള്ള റോഡ് നിലവിൽ ദേശീയപാതയുടെ പരിധിയിലാണുള്ളത്. ഇതിനോട് അനുബന്ധമായുള്ള റോഡുകൾ 2026-27 വർഷത്തെ ശബരിമല മണ്ഡല കാലത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് സുരക്ഷിതവും സുഗമവുമായ യാത്ര ഉറപ്പാക്കുന്നതിനായി നിലവിലെ അവസ്ഥ പരിശോധിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, കാട് വെട്ടുന്ന പ്രവൃത്തികൾ, കുഴികളടക്കുന്ന പ്രവൃത്തികൾ എന്നിവ പുരോഗമിക്കുകയാണെന്നും മണ്ഡലകാലം ആരംഭിക്കുന്നതിനു മുൻപ് തന്നെ ഇവ പൂർത്തീകരിക്കുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**